(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, നടപ്പാത എന്നിവയുടെ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/കളിസ്ഥലം തുടങ്ങിയ പൊതുസൗകര്യങ്ങൾ, ജലസേചനം, അടുക്കളത്തോട്ട നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം നടപ്പിലാക്കുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി) 2013-14 സാമ്പത്തിക വർഷം മുതൽ 18 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2014-15 സാമ്പത്തിക വർഷം മുതൽ 25 പട്ടികവർഗ്ഗ സങ്കേതങ്ങളിലും പദ്ധതി നടപ്പാക്കിവരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ഹാംലറ്റ് വികസന പദ്ധതിക്കായി തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളിൽ 4 കോളനികളിൽ പദ്ധതി നടപ്പാക്കൽ പ്രാരംഭഘട്ടത്തിലാണ്. ജില്ലാ കളക്ടർ പദ്ധതി അവലോകനം ചെയ്യുവരുന്നു.

പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായുള്ള പദ്ധതി

290 (660) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായുള്ള പ്രത്യേക പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, പെരുമ്പാറ, വാഴച്ചാൽ എന്നീ കാടർ കോളനികളിൽ നടപ്പാക്കുന്ന ഭവന നിർമ്മാണമടക്കമുള്ള വികസന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികൾ സുതാര്യമായും, അഴിമതി രഹിതമായും പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, പെരുമ്പാറ, വാഴച്ചാൽ എന്നീ കാടർ കോളനികളിൽ നടപ്പാക്കുന്ന ഭവന നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

പെരുമ്പാറ, ഷോളയാർ, ആനക്കയം എന്നീ കോളനികളിൽ നടപ്പാക്കിയ മണ്ണ്/ജലസംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

പ്രത്യേക പോഷകാഹാര വിതരണ പദ്ധതി പ്രകാരം കോളനികളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നു.

മെഡിക്കൽ മൊബൈൽ യൂണിറ്റുകൾ കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഹാംലറ്റ് പദ്ധതി

291 (661) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഹജ്ജും വഖഫും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാംലറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ ചെക്യേരി എസ്. റ്റി. കോളനിയിലെ ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പ്രവൃത്തികളും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, കമ്മ്യൂണിറ്റി ഹാളിൽ കമ്പ്യൂട്ടർ, ടി.വി. വിതരണം, ചെക്യേരി-ഐരാണിക്കുണ്ട് റോഡ് ടാറിംഗ് (ആദ്യഭാഗം). ചെക്യേരി - കുട്ടിയടുപ്പ് റോഡ് ടാറിംഗ്, ചെക്യേരി - ഐരാണിക്കുണ്ട് റോഡ് ടാറിംഗ് (രണ്ടാം ഭാഗം), അമ്പലപ്പറമ്പ് റോഡ് ടാറിംഗ് (250m), ഓട്ടോറിക്ഷ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly